# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 1993 — 14.08.17-ൽ മറുപടിയ്ക്ക്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.മുല്ലക്കര രത്നാകരൻ<br>ശ്രീ.ജി.എസ്.ജയലാൽ<br>ശ്രീ.കെ.രാജൻ<br>ശ്രീമതി.സി.കെ.ആശ | ശ്രീ.പി.തിലോത്തമൻ<br>ഭക്ഷ്യവും സിവിൽ സപ്ലൈസും<br>വകുപ്പ് മന്ത്രി |

### ഭക്ഷ്യഭദ്രതാനിയമത്തിന്റെ ഭാഗമായുള്ള വാതിൽപ്പടി വിതരണം

| | | | |
|---|---|---|---|
| (എ) | ജീവനക്കാരുടെയും അടിസ്ഥാന സൗകര്യങ്ങളുടെയും അഭാവമാണ് സംസ്ഥാനത്ത് ഭക്ഷ്യഭദ്രതാ നിയമം നടപ്പാക്കുന്നതിന്റെ ഭാഗമായുള്ള വാതിൽപ്പടി വിതരണം സുഗമമായി നടക്കാത്തതിന് കാരണമെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ജീവനക്കാരുടെ കുറവ് സുഗമമായ പ്രവർത്തനങ്ങൾക്ക് പ്രയാസങ്ങൾ ഉണ്ടാക്കുന്നുണ്ട്. |
| (ബി) | എങ്കിൽ സിവിൽ സപ്ലൈസ് വകുപ്പിലും സിവിൽ സപ്ലൈസ് കോർപ്പറേഷനിലും ആവശ്യമായ പുതിയ തസ്തികകൾ സൃഷ്ടിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; | (ബി) & (സി) | സിവിൽ സപ്ലൈസ് വകുപ്പിലും സപ്ലൈകോയിലുമായി 412 പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതു സംബന്ധിച്ച് പൊതുവിതരണ ഡയറക്ടർ, എം.ഡി. സപ്ലൈകോ എന്നിവർ സമർപ്പിച്ച പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലാണ്. വാതിൽപ്പടിവിതരണത്തിനാവശ്യമായ ഭക്ഷ്യ ധാന്യങ്ങൾ ശേഖരിക്കുന്നതിനായി കേരളത്തിലെ 75 താലൂക്കുകളിലുമായി 148 ഗോഡൗണുകൾ സപ്ലൈകോ സജ്ജീകരിച്ചിട്ടുണ്ട്. ഈ ഗോഡൗണുകളിൽ ത്രാസ്, കമ്പ്യൂട്ടർ, ഫർണിച്ചർ, ഇന്റർനെറ്റ്, ഫോൺ തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ പൂർത്തിയാക്കി വരുന്നു. വാതിൽപ്പടി വിതരണത്തിനുള്ള വിട്ടെടുപ്പും റേഷൻ കടകൾക്കുള്ള വിതരണവും പൂർത്തിയാക്കാൻ കഴിഞ്ഞിട്ടുണ്ട്. റേഷൻ കടകളിലേയ്ക്കുള്ള 2017 ജൂലൈ മാസത്തിന്റെ ഭക്ഷ്യധാന്യങ്ങളുടെ വിതരണം പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്. ആഗസ്റ്റ് മാസത്തെ റേഷൻ കടകളിലേക്കുള്ള ഭക്ഷ്യധാന്യങ്ങളുടെ വിതരണം നടന്നു വരുന്നു. |
| (സി) | വാതിൽപ്പടി വിതരണം നടപ്പാക്കുന്നതിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനും നിയമനം നടത്തുന്നതിനും നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | | |

സെക്ഷൻ ഓഫീസർ